ഉത്തരം

(എ) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച വിസിറ്റ് കേരള പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) മലബാർ മേഖലയിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

ബേക്കൽ ടൂറിസം പദ്ധതിയുടെ വികസനം

249 (5052) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബേക്കൽ ടൂറിസം പദ്ധതിയുടെ വികസനത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ പുതിയ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്നും ആയതിന് ഓരോന്നിനും എത്ര രൂക വീതം ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി)

1. തൃക്കണ്ണാട്ട് ബീച്ച് വികസനത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 12 ലക്ഷം രൂപ അനുവദിച്ചു പ്രവൃത്തി ഉടനെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. മയിലാട്ടിയിൽ നിന്നും ഉദുമയിലേക്ക് അഡീഷണൽ ഫീഡർ ലൈൻ സ്ഥാപിക്കുവാൻ 80 ലക്ഷം രൂപ ചെലവിൽ പണി പൂർത്തീകരിച്ചു.

3. ബി.ആർ.ഡി.സി. ശുദ്ധജല വിതരണ പദ്ധതിയുടെ അറ്റകുറ്റപണികൾക്കായി 1 കോടി രൂപ അനുവദിച്ചു. കേരള വാട്ടർ അതോറിറ്റി മുഖേന പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു.

4. കൾച്ചറൽ സെന്റർ നിർമ്മാണത്തിനായി അനുവദിച്ച 4.43 കോടി രൂപയിൽ 2 കോടി രൂപ ഇതിനോടകം ബി.ആർ.ഡി.സി.-ക്ക് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. രണ്ട് ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപണികൾക്കായി 28 ലക്ഷം രൂപ അനുവദിച്ചതിൽ 14.25 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. അറ്റകുറ്റപണികൾ പൂർത്തീകരിച്ചുവരുന്നു.

6. സൗത്ത് ബീച്ച് പാർക്ക് നവീകരണത്തിനായി 138 ലക്ഷം രൂപ അനുവദിച്ചതിൽ 69 ലക്ഷം രൂപ ബി.ആർ.ഡി.സി.-ക്ക് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

7. പുതിയ 3 ഹൗസ് ബോട്ടുകൾക്കായി 138 ലക്ഷം രൂപ ബി.ആർ.ഡി. സി.-ക്ക് കൈമാറിയിട്ടുണ്ട്.

ഇതിനുപുറമെ 2011-12 സാമ്പത്തിക വർഷത്തിൽ മാർക്കറ്റിംഗ്, തെരുവു വിളക്ക് സ്ഥാപിക്കൽ, ബേക്കൽ ബീച്ച് റോഡ് നവീകരണം, മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവയ്ക്കായി 1 കോടി രൂപ ചിലവഴിച്ചു.

2012-13 സാമ്പത്തിക വർഷത്തിൽ മാർക്കറ്റിംഗ്, സൈനേജ് സ്ഥാപിക്കൽ, തെരുവുവിളക്ക് സ്ഥാപിക്കൽ, എയർ സ്പിപ്പിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, മറ്റ് അനുബന്ധ പദ്ധതികൾ എന്നിവയ്ക്കായി 1കോടി രൂപ വിനിയോഗിച്ചു.

2013-14 സാമ്പത്തിക വർഷത്തിൽ മാർക്കറ്റിംഗ്, പള്ളിക്കരയിൽ ടൂറിസം അമിനിറ്റിക്കായി സ്ഥലമെടുപ്പ്, റിസോർട്ട് സൈറ്റ് 5ലേക്കും & 6ലേക്കും ഹൈ ടെൻഷൻ ലൈൻ സ്ഥാപിക്കുന്നതിനുമായി 135 ലക്ഷം രൂപ ചിലവഴിച്ചു.

2014-15 സാമ്പത്തിക വർഷത്തിൽ മാർക്കറ്റിംഗ്, തെരുവുവിളക്ക് സ്ഥാപിക്കൽ, മുനിക്കൽ കായക്കുന്ന് റോഡിന്റെ വികസനം, ബേക്കൽ ബീച്ച് വികസന പ്രവർത്തനം, ടൂറിസം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള സ്ഥല സമാഹരണം, ബേക്കൽ ഫോർട്ടിന് സമീപത്തുള്ള വികസന പ്രവർത്തനം എന്നിവയ്ക്കായി 110 ലക്ഷം രൂപ ചിലവഴിച്ചു.

2014-15 സാമ്പത്തിക വർഷത്തിൽ 150 ലക്ഷം രൂപ ബി.ആർ.ഡി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്.

ചടയമംഗലം ജഡായുപാറ ടൂറിസം പദ്ധതി

250 (5053) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly